# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). നീറ്റ് വിഷയത്തിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. രാജ്യസഭ രണ്ട് മണിവരെ നിർത്തിവച്ചു. പൊതു പരീക്ഷ ഭേദഗതി ബില്ലിന്മേലുള്ള ചർച്ചകൾ ലോക്സഭയിൽ പുനരാരംഭിച്ചു.

**Opposition protests over the NEET issue continued to disrupt Parliament today. The Rajya Sabha was adjourned till 2 p.m. Discussions on the Public Examinations Amendment Bill resumed in the Lok Sabha.**

2) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ജാഗ്രതയോടെ പ്രവർത്തിക്കുന്നതായി മുഖ്യമന്ത്രി വി.ഡി സതീശൻ.പദ്ധതികളുടെ കാലതാമസം ഒഴിവാക്കാൻ അഞ്ച് സുപ്രധാന പരിഷ്കാരങ്ങൾ നടപ്പാക്കാൻ മന്ത്രിസഭ തീരുമാനിച്ചതായും മുഖ്യമന്ത്രി.

**Chief Minister V.D. Satheesan said the state government is working vigilantly to keep inflation under control. He also said the Cabinet has decided to implement five major reforms to avoid delays in the execution of development projects.**

3) ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകുന്ന വാണിജ്യ കപ്പലുകൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ.

**India has strongly condemned the attacks on commercial vessels passing through the Strait of Hormuz.**

4) കടുവ സംരക്ഷണത്തിന്റെ പ്രാധാന്യം ഓർമപ്പെടുത്തി ഇന്ന് അന്താരാഷ്ട്ര കടുവ ദിനം.

**International Tiger Day is being observed today, highlighting the importance of tiger conservation.**

5) ഒഡീഷയിൽ ശക്തമായ മഴയിൽ ജനജീവിതം ദുരിതത്തിൽ. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

**Heavy rainfall has disrupted normal life in Odisha. The India Meteorological Department has forecast isolated heavy rainfall to continue in Kerala.**

6) കോമൺവെൽത്ത് ഗെയിംസിൽ 12 മെഡലുകൾ നേടി മികച്ച പ്രകടനം തുടർന്ന് ഇന്ത്യ

**India continued its impressive performance at the Commonwealth Games, taking its medal tally to** 12

&&&&&&&&&&&&&&&&&

**HEADLINE-1**

**LS -RS- ADJOURN (INTRO)**

*നീറ്റ് വിഷയത്തിലെ വിദ്യാർത്ഥി പ്രതിഷേധത്തിന് നേരെ പോലീസ് നടപടിയുണ്ടായതായി ആരോപിച്ച് പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. രാജ്യസഭ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു. ലോക്സഭയിൽ പൊതു പരീക്ഷ ഭേദഗതി ബില്ലിന്മേലുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിർത്തിവച്ച നടപടികൾ 12 മണിക്ക് പുനരാരംഭിക്കുകയായിരുന്നു. രാവിലെ ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം മുദ്രാവാക്യം വിളികളുമായി ലോക്സഭയിൽ പ്രതിഷേധം ആരംഭിച്ചു. സഭാനടപടികളുമായി സഹകരിക്കണമെന്ന് സ്പീക്കർ ഓം ബിർള അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷം വഴങ്ങാത്തതിനെ തുടർന്ന് നടപടികൾ 12 മണി വരെ നിർത്തിവയ്ക്കുകയായിരുന്നു.*

*(ഹോൾഡ്)*

*കോമൺവെൽത്ത് ഗെയിംസിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ താരങ്ങളായ ഹർജീന്ദർ കൗറിനും, ഗുൽവീർ സിങ്ങിനും ലോക്സഭ ഇന്ന് അഭിനന്ദനം രേഖപ്പെടുത്തി. രാജ്യസഭയിലും സമാന രീതിയിലുള്ള പ്രതിഷേധമാണ് നടന്നത്. ആദ്യം 12 മണി വരെ നിർത്തി വച്ച നടപടികൾ പുനരാരംഭിച്ചെങ്കിലും ബഹളം തുടർന്നതിനാൽ രണ്ട് മണി വരെ നിർത്തിവയ്ക്കുകയായിരുന്നു. ജെഎൻയു സ്റ്റുഡൻറ്സ് യൂണിയൻ മുൻ പ്രസിഡൻറ് ഐഷി ഘോഷിനെ അറസ്റ്റ് ചെയ്യുന്നതിനായി, ന്യൂഡൽഹിയിലെ സിപിഐഎം ആസ്ഥാനത്ത് ഇന്നലെ ഡൽഹി പോലീസ് എത്തിയ വിഷയം ജോൺ ബ്രിട്ടാസ് എംപി രാജ്യസഭയിൽ ഉന്നയിച്ചു. എന്നാൽ ഇത് വിദ്യാർത്ഥി രാഷ്ട്രീയവുമായി ബന്ധപ്പെട്ട സാധാരണ നടപടിയാണെന്ന് സഭാധ്യക്ഷൻ സി പി രാധാകൃഷ്ണൻ മറുപടി നൽകി.*

&&&&&&&&&&&&&&&&&&

**PARLIAMENT RIJIJU REAX**

പൊതു പരീക്ഷ ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങളല്ല കോൺഗ്രസ് എംപിമാർ ചർച്ചയിൽ ഉന്നയിക്കുന്നതെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു. ബില്ലുമായി ബന്ധമില്ലാത്ത രാഷ്ട്രീയ കാര്യങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നതെന്നും അദ്ദേഹം വിമർശിച്ചു. പരീക്ഷ ക്രമക്കേടുകളിൽ വിദ്യാർത്ഥികളുടെ ആശങ്ക അകറ്റാനാണ് ബില്ല് കൊണ്ടുവന്നതെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**PM SECRETARY HIGH LEVEL MEET**

സർക്കാർനയങ്ങളും തീരുമാനങ്ങളും ജനകേന്ദ്രീകൃതമാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിവിധ മന്ത്രാലയങ്ങളിലെ സെക്രട്ടറിമാരുമായുള്ള രണ്ടാമത് ഉന്നതതല യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതത്തിനായുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ലക്ഷ്യമിട്ടായിരുന്നു യോഗം.

&&&&&&&&&&&&&&&&&&

**HEADLINE-2**

**V.D SATHEESHAN – INTRO**

*വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ജാഗ്രതയോടെ പ്രവർത്തിക്കുന്നതായി മുഖ്യമന്ത്രി വി.ഡി സതീശൻ. 16 ഇനങ്ങളടങ്ങിയ ഓണക്കിറ്റ് വിതരണം അടുത്ത മാസം 10 ന് ആരംഭിക്കുമെന്നും സംസ്ഥാന വ്യാപകമായി ഓണം വിപണന മേളകൾ സംഘടിപ്പിക്കുമെന്നും മന്ത്രിസഭയോഗത്തിന് ശേഷം അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.*

*(വോയിസ് - മുഖ്യമന്ത്രി)*

*പദ്ധതികളുടെ കാലതാമസം ഒഴിവാക്കാൻ അഞ്ച് സുപ്രധാന പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഫണ്ടിൻറെ ഒന്നാം ഗഡു ഉടൻ നൽകുമെന്നും അദ്ദേഹം പറഞ്ഞു.*

&&&&&&&&&&&&&&&&&&

**HEADLINE-3**

**P HARISH– HORMUZ**

ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകുന്ന വാണിജ്യ കപ്പലുകൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ. മേഖലയിലെ വാണിജ്യ കപ്പലുകളെ ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ ഉടനടി

അവസാനിപ്പിക്കണമെന്ന് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ് ആവശ്യപ്പെട്ടു. അന്താരാഷ്ട്ര സമുദ്രപാതകളിലൂടെ സ്വതന്ത്രവും തടസ്സമില്ലാത്തതുമായ കപ്പൽ ഗതാഗതവും വാണിജ്യവും പുനഃസ്ഥാപിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**MEA BRIEFING**

യുക്രൈനിലെ ഒഡേസ തുറമുഖത്ത് വെച്ച് MV AGN റാഗ്നർ എന്ന കപ്പലിനുനേരെയുണ്ടായ ആക്രമണത്തിൽ കാണാതായ രണ്ട് ഇന്ത്യൻ പൗരന്മാർക്കായി തിരച്ചിൽ ഊർജ്ജിതമാക്കിയതായി വിദേശകാര്യ മന്ത്രാലയം. കപ്പലിലുണ്ടായിരുന്ന മറ്റ് രണ്ട് ഇന്ത്യക്കാർ സുരക്ഷിതരാണെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. നാവികരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകുന്നതായി യുക്രൈനിലെ ഇന്ത്യൻ എംബസി അറിയിച്ചു. കപ്പലിലെ മുഴുവൻ ഇന്ത്യൻ പൗരന്മാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി അധികൃതരുമായും ഏജൻസികളുമായും ബന്ധപ്പെട്ട് വരികയാണെന്നും എംബസി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**PROJECT ZERO– RAMESH CHENNITTHALA**

അഴിമതിയെ തുരത്താൻ യുവജനതയെ സജ്ജരാക്കിക്കൊണ്ട് വിജിലൻസ് വകുപ്പും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയും ചേർന്ന് നടപ്പിലാക്കുന്ന 'പ്രൊജക്റ്റ് സീറോ - വിജിലൻസ് വിസിൽ' പദ്ധതിയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി.ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും ചലച്ചിത്ര താരം നിവിൻ പോളിയും ചേർന്ന് വിജിലൻസ് വിസിൽ മുഴക്കി പദ്ധതി ഉദ്ഘാടനം ചെയ്തു. അഴിമതി സംബന്ധമായ വിവരങ്ങൾ 1064 എന്ന

ടോൾ ഫ്രീ നമ്പരിലൂടെ റിപ്പോർട്ട് ചെയ്യാവുന്നതാണ്. വിവരം നൽകുന്നവരുടെ ഔദ്യോഗിക വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

&&&&&&&&&&&&&&&&&&

## HEADLINE-4

### REV MODI-TIGER DAY

കടുവ സംരക്ഷണത്തിന്റെ പ്രാധാന്യം ഓർമപ്പെടുത്തി ഇന്ന് അന്താരാഷ്ട്ര കടുവ ദിനം. വന്യജീവി പ്രേമികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു. ഭൂമിയിലെ കടുവകളുടെ 70 ശതമാനവും ഇന്ത്യയിലാണുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

### TIGER DAY- KERALA

ഈ വർഷത്തെ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ എക്സലൻസ് ആൻഡ് പെർഫോമൻസ് അവാർഡ് പറമ്പിക്കുളം കടുവ സങ്കേതത്തിലെ ഫോറസ്റ്റ് ഗൈഡ് എൻ. മുരുകേശൻ ഏറ്റുവാങ്ങി.അന്താരാഷ്ട്ര കടുവ ദിനമായ ഇന്ന് ന്യൂ ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര വനം മന്ത്രി ഭൂപേന്ദ്ര യാദവ് പുരസ്കാരം സമ്മാനിച്ചു

&&&&&&&&&&&&&&&&&&

## HEADLINE-5

### ODISHA FLOOD CRISIS

ഒഡീഷയിൽ ശക്തമായ മഴയിൽ ജനജീവിതം ദുരിതത്തിൽ. പ്രളയസമാനമായ സാഹചര്യമാണ് വിവിധയിടങ്ങളിൽ അനുഭവപ്പെടുന്നത്. ഭദ്രക് ജില്ലയിലാണ് സ്ഥിതിഗതികൾ ഏറ്റവും മോശം നിലയിലുള്ളത്. ബൈതരണി നദിയിലെ ജലം അപകട നിരപ്പിലേക്കെത്തി. ജാജ്പൂരിനും, ധാംനഗറിനുമിടയിൽ റോഡ് ഗതാഗതം പൂർണമായും തടസ്സപ്പെട്ട നിലയിലാണ്. എട്ട് ജില്ലകളിൽ സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**RAIN**

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ കാറ്റോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി , കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള- കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**HEADLINE-6**

**CWG MEDALS**

കോമൺവെൽത്ത് ഗെയിംസിൽ രണ്ട് സ്വർണ്ണവും ഏഴ് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ 12 മെഡലുകൾ നേടി ഇന്ത്യ പട്ടികയിൽ ഒമ്പതാം സ്ഥാനത്ത്. ഭാരോദ്വഹനത്തിൽ ഹർജീന്ദർ കൗറും പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിൽ ഗുൽവീർ സിംഗും വെള്ളി മെഡൽ നേടി. കോമൺവെൽത്ത് ഗെയിംസിൽ 10,000 മീറ്റർ ഓട്ടത്തിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് ഗുൽവീർ സിംഗ്.

&&&&&&&&&&&&&&&&&&

**INDIA-SUPPLIERS OF SEAFARERS**

ആഗോള ഷിപ്പിംഗ് മേഖലയിൽ കൂടുതൽ നാവികരെ സംഭാവന ചെയ്യുന്ന ലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യമായി ഇന്ത്യ. ആഗോള നാവിക തൊഴിൽ സേനയുടെ 12.16 ശതമാനവും ഇന്ത്യയിൽ നിന്നുള്ളവരാണെന്ന് സീഫെയറർ വർക്ക്ഫോഴ്സ് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഫിലിപ്പീൻസാണ് ഇതിൽ ഒന്നാംസ്ഥാനത്ത്.

&&&&&&&&&&&&&&&&&&

**JAPAN- DEATH TOLL**

ജപ്പാൻ ഭൂകമ്പത്തിൽ മരണസംഖ്യ 13 ആയി. ഇന്നലെ വൈകുന്നേരത്തോടെയാണ് കുമാമോട്ടോ മേഖലയിൽ ശക്തമായ ഭൂചലനം അനുഭവപ്പെട്ടത്. മേഖലയിൽ വൈദ്യുതി വിതരണവും, ഗതാഗതവും, ആശയവിനമയ സംവിധാനങ്ങളും തടസ്സപ്പെട്ടിരിക്കുന്നത് രക്ഷാപ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഈ പ്രതിസന്ധി ഘട്ടത്തിൽ ജപ്പാന് ഇന്ത്യ എല്ലാ പിന്തുണയും നൽകുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&

## AFRICA – HUMAN TRAFFICKING

ആഫ്രിക്കയിൽ നിന്നും ആയിരക്കണക്കിനാളുകളെ മനുഷ്യക്കടത്തിലൂടെ ഓൺലൈൻ തട്ടിപ്പുകൾക്കായി എത്തിക്കുന്ന ക്രിമിനൽ സംഘങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ഇൻറർനാഷണൽ ഓർഗനൈസേഷൻ ഫോർ മൈഗ്രേഷൻ. ഏഷ്യൻ രാജ്യങ്ങളിലേക്കാണ് ദശലക്ഷക്കണക്കിന് ഡോളറിന്റെ തട്ടിപ്പ് ലക്ഷ്യമിട്ട് കെനിയ, എത്യോപ്യ, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്ന് അനധികൃതമായി ആളുകളെ എത്തിക്കുന്നത്.

&&&&&&&&&&&&&&&&&

## POJK–30 PEOPLE KILLED

പാക് അധിനിവേശ കശ്മീരിലെ റാവലക്കോട്ടിൽ പ്രതിഷേധക്കാർക്കുനേരെ പാകിസ്ഥാൻ സുരക്ഷാ സേന നടത്തിയ വെടിവെപ്പിൽ 30 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. 'ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി സംഘടിപ്പിച്ച ലോംഗ് മാർച്ചിനിടെയാണ് അക്രമസംഭവങ്ങൾ അരങ്ങേറിയത്. അതേസമയം പ്രതിഷേധക്കാർക്ക് നേരെ മാരക ആയുധങ്ങൾ ഉപയോഗിച്ചെന്ന റിപ്പോർട്ടുകളിൽ സ്വതന്ത്രവും സുതാര്യവുമായ അന്വേഷണം നടത്തണമെന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനയായ ആംനസ്റ്റി ഇന്റർനാഷണൽ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&